# 22

# ആളുകളെ പണിയുന്നവർ

## (4:29- 32)

വർഷങ്ങളുടെ ആസൂത്രണവും നിർമ്മാണവും നടത്തി അടുത്ത സമയത്ത് ടെക്സാസിലെ, ആർലിങ്ടണിൽ, ഒരു ബേസ്ബോൾ പാർക്ക് തുറക്കുകയുണ്ടായി. പഴയ പാർക്ക് കുറച്ചു ആഴ്ച്ചകൾക്കു മുൻപുവരെ, പുതിയതിന്റെ ഒരു വശത്തായിരുന്നു ഉണ്ടായിരുന്നത്. അതു പൂർണ്ണമായി ഇടിഞ്ഞുവീണപ്പോൾ, അതിന്റെ അവസാന അവസ്ഥയിലുള്ള ചിത്രങ്ങൾ പത്രങ്ങളിൽ വന്നു. അതു ജീവിതത്തിന്റെ ഒരു അടിസ്ഥാനതത്വം എന്നെ ഓർമ്മിപ്പിക്കുന്നു: പണിയുവാൻ എടുക്കുന്ന സമയം വേണ്ട പൊളിച്ചു കളയുവാൻ.

പൗലൊസ് എഴുതിയ ഈ വാക്കുകളിലൂടെ ആ സത്യം ദൈവം നമ്മെ പഠിപ്പിക്കുന്നു:

> കേൾക്കുന്നവർക്കു കൃപ ലഭിക്കേണ്ടതിനു, ആവശ്യം പോലെ ആത്മിക വർദ്ധനെക്കായി നല്ല വാക്കല്ലാതെ, ആകാത്തതു ഒന്നും നിങ്ങളുടെ വായിൽ നിന്നു പുറപ്പെടരുത്. ദൈവത്തിന്റെ പരിശുദ്ധാത്മാവിനെ ദുഃഖിപ്പിക്കരുത്, അവനാലല്ലൊ നിങ്ങൾക്കു വീണ്ടെടുപ്പുനാളിന്നായി മുദ്രയിട്ടിരിക്കുന്നത്. എല്ലാ കൈപ്പും ക്രോധവും കൂറ്റാരവും ദൂഷണവും, സകല ദുർഗ്ഗുണവുമായി നിങ്ങളെ വിട്ടു ഒഴിഞ്ഞുപോകട്ടെ. നിങ്ങൾ തമ്മിൽ ദയയും, മനസ്സലിവുമുള്ളവരായി, ദൈവം ക്രിസ്തുവിൽ നിങ്ങളോടു ക്ഷമിച്ചതുപോലെ, അന്യോന്യം ക്ഷമിപ്പിൻ (4:29–32).

*സഭ ആളുകളെ - പണിയുന്ന തിരക്കിലാകുവാൻ ദൈവം ആഗ്രഹിക്കുന്നു.*

യേശുവിനെ പോലെ ആകുന്നതിനും ആളുകളെ പണിയുന്നവർ ആകുന്നതിനും മുഖ്യമായ രണ്ടു കാര്യങ്ങളിൽ ശ്രദ്ധിക്കയാണ്, നമ്മുടെ വേദഭാഗമായ, 4:29–32: നമ്മുടെ വാക്കുകളും നമ്മുടെ പ്രവൃത്തികളും.

### ആളുകളെ - പണിയുന്ന വാക്കുകൾ

ക്രിസ്ത്യാനികളായ നാം, നമ്മുടെ വാക്കുകളെ ശ്രദ്ധിക്കണം. "ആകാത്ത വാക്കുകളെ" ഒഴിവാക്കിക്കൊണ്ടാണ് നാം നമ്മുടെ സംസാരത്തെ സൂക്ഷിക്കുന്ന ഒരു രീതി (4:29). "ആകാത്ത" എന്നതിന്റെ ഗ്രീക്കുവാക്ക് കേടുവന്ന അല്ലെങ്കിൽ ചീത്തയായ ആഹാരത്തെ വിവരിക്കുവാൻ ഉപയോഗിച്ചിരുന്നു. കുറെ ആഴ്ച്ചകൾക്കു മുൻപു ഇടവകയിലെ ആഹാരസഹായ സമിതിക്കു ഫുഡ്ബാങ്കിൽ നിന്നു കുറെ പഴവർഗ്ഗങ്ങൾ ലഭിച്ചു. സ്വയം സേവനം നടത്തുന്നവർ ആ പഴങ്ങളെല്ലാം പുറത്തെടുത്തു ആവശ്യമുള്ളവർക്കു കൊടുക്കുവാൻ ഒരുങ്ങിയപ്പോൾ, അതിന്റെ തണ്ടുകളെല്ലാം ഒട്ടിച്ചിരിക്കുന്നതായി ഒരാൾ കണ്ടു. അതു കണ്ടുപിടിക്കാൻ പ്രയാസവുമായിരുന്നു. ഒരാൾ അതിൽ

ഒന്നു മുറിച്ചു നോക്കിയപ്പോൾ അതിന്റെ അകം മുഴുവൻ ചീഞ്ഞതായി കണ്ടു. എല്ലാ പഴങ്ങളും ചീഞ്ഞതായിരുന്നു.

നമ്മിൽ ആരും തന്നെ ചീത്തയായ പഴങ്ങൾ നമ്മുടെ വായിലേക്കു കൊണ്ടുപോകുവാൻ ആഗ്രഹിക്കുകയില്ല. അതിനെ കുറിച്ചു ഓർക്കുമ്പോൾ തന്നെ നമുക്കു വല്ലായ്മവരും; പക്ഷെ ദൈവത്തിന്റെ കാഴ്ച്ചപ്പാടിൽ, നമ്മുടെ വായിൽ ചില ആകാത്തതിനെ നാം അനുവദിക്കുന്നു. ആരെങ്കിലും വിളിച്ച് ഒരു തമാശ പറഞ്ഞാൽ, അല്ലെങ്കിൽ അശുദ്ധമായ വാക്കുകൾ പറഞ്ഞാൽ അതായതു നിങ്ങളെ തരം താഴ്ത്തുന്ന വാക്കുകൾ ഉപയോഗിച്ചാൽ, നുണ പറഞ്ഞാൽ, അല്ലെങ്കിൽ പരദൂഷണം പറഞ്ഞു പരത്തിയാൽ, അയാൾ തന്റെ വായിൽ ചീഞ്ഞളിഞ്ഞ ചിലതു വെക്കുന്നു എന്നർത്ഥം.

നമ്മുടെ വാക്കുകൾ എങ്ങനെ ആയിരിക്കണം? പൗലൊസ് നല്കുന്ന മൂന്നു മാർഗ്ഗരേഖകൾ ശ്രദ്ധിക്കുക. *ഒന്ന്, നമ്മുടെ വാക്കുകൾ പണിയപ്പെടണം.* നമുക്കു "നല്ല വാക്ക് അല്ലെങ്കിൽ ആത്മികവർദ്ധനെക്കു ഉതകുന്ന വാക്കുകൾ മാത്രം" സംസാരിക്കുവാൻ ആണ് സ്വാതന്ത്ര്യമുള്ളത് (4:29). മറ്റുള്ളവർക്കു നന്മ വരുന്ന വാക്കുകൾ ആയിരിക്കണം ക്രിസ്ത്യാനികൾ സംസാരിക്കേണ്ടത്.

*രണ്ട്, നമ്മുടെ വാക്കുകൾ ശരിയായിരിക്കണം.* അവ സംസാരിക്കേണ്ടത് "സാഹചര്യത്തിനാവശ്യമായ രീതിയിൽ ആയിരിക്കണം" (4:29). നാം വാക്കുകൾ തിരഞ്ഞെടുക്കുമ്പോൾ മറ്റുള്ളവരുടെ നന്മ എപ്പോഴും പ്രതീക്ഷിക്കണം.

*മൂന്നു, നമ്മുടെ വാക്കുകൾ കൃപയോടു കൂടിയതാകണം.* മറ്റുള്ളവരോടുള്ള നമ്മുടെ ആശയവിനിമയത്തിൽ വാക്കുകൾ ഉപയോഗിക്കുന്നതിന്റെ ഉദ്ദേശം ബൈബിൾ വ്യക്തമാക്കുന്നുണ്ട്: "അതു കേൾക്കുന്നവർക്കു കൃപ ലഭിക്കണം" (4:29). നാം സംസാരിക്കുന്ന വാക്കുകൾ മുഖാന്തരം ദൈവം തന്റെ കൃപ മറ്റുള്ളവരിലേക്ക് പകരുന്നു. ശലോമോൻ പറഞ്ഞു, "തക്ക സമയത്തു പറഞ്ഞ വാക്ക് വെള്ളിത്താലത്തിൽ പൊൻ നാരങ്ങാപോലെ" (സദൃശവാക്യങ്ങൾ 25:11).

നിങ്ങളുടെ വാക്കുകൾ എത്ര പ്രാധാന്യം ഉള്ളതാണ്? പരിശുദ്ധാത്മാവിന്റെ വികാരത്തെ എടുത്തുകാണിച്ചു കൊണ്ട് പൗലൊസ് നമ്മെ ബോധ്യപ്പെടുത്തുവാൻ സഹായിക്കുന്നു: "ദൈവത്തിന്റെ പരിശുദ്ധാത്മാവിനെ ദുഃഖിപ്പിക്കരുത്, അവനാലല്ലൊ നിങ്ങൾക്കു വീണ്ടെടുപ്പിൻ നാളിന്നായി മുദ്രയിട്ടിരിക്കുന്നത്" (4:30). വിവിധങ്ങളായ പ്രവൃത്തികൾ പരിശുദ്ധാത്മാവിനെ ദുഃഖിപ്പിക്കുന്നവയാണ്. അവയിൽ ഒന്ന് അരുതാത്ത വാക്കുകൾ നമ്മുടെ സംസാരത്തിൽ ഉപയോഗിക്കുന്നതാണ്. അപ്പോൾ, നമ്മുടെ വാക്കുകൾ ശ്രദ്ധിക്കേണ്ടതു, മുഖ്യമാണ്.

നിങ്ങളുടെ ഭാര്യയോടോ അല്ലെങ്കിൽ ഭർത്താവിനോടോ പ്രോത്സാഹിപ്പിക്കുന്ന വാക്കുകൾ മാത്രം സംസാരിക്കുവാൻ തീരുമാനിച്ചാൽ അതു നിങ്ങളുടെ ജീവിതത്തിൽ എന്തു വ്യത്യാസം വരുത്തും? നിങ്ങളുടെ മക്കളോടു സ്ഥിരമായി പ്രോത്സാഹിപ്പിക്കുന്ന വാക്കുകൾ മാത്രം പറഞ്ഞാൽ അതിന്റെ ഫലം എന്തായിരിക്കും? മറ്റുള്ളവരെ തകർത്തുകളയുന്ന "ചീഞ്ഞ" വാക്കുകൾ പ്രാദേശിക സഭയിലെ അംഗങ്ങളെല്ലാം ഒഴിവാക്കി പരസ്പരം പണിയപ്പെടുന്ന വാക്കുകൾ മാത്രം പറഞ്ഞാൽ അതെന്തു മാത്രം വ്യത്യാസം ഉളവാക്കും?

## ആളുകളെ - പണിയുന്ന വാക്കുകൾ

നമ്മുടെ വാക്കുകൾക്കു പുറമെ, നമ്മുടെ പ്രവൃത്തികളും ആളുകളെ പണിയുന്നതായിരിക്കണം. ഇതിൽ ആളുകളോടു ക്രിയാത്മകമായി സംസാരിക്കുക മാത്രമല്ല, നിഷേധപൂർവ്വം സംസാരിക്കുന്നതു ഒഴിവാക്കുകയും വേണം.

*നിഷേധ പ്രവൃത്തികൾ ഒഴിവാക്കുക.* ആളുകൾക്കു ദ്രോഹമാകുന്ന ഏതൊരു നിഷേധ പ്രവൃത്തിയും ക്രിസ്ത്യാനി ഒഴിവാക്കണം. 4:31-ൽ പൗലൊസ് മുന്നറിയിച്ചിരിക്കുന്നതായ താഴെ കൊടുത്തിരിക്കുന്ന പ്രവൃത്തികളും മനോഭാവവും ശ്രദ്ധിക്കുക:

1. "കൈപ്പു" –
   മറ്റുള്ളവരെ കോപിപ്പിക്കുന്ന പരുഷമായ വാക്കുകൾ
2. "കോപം" –
   ആളുകളോടു പെട്ടെന്നു, ക്ഷിപ്രകോപിയായിത്തീരുക
3. "ക്രോധം" –
   ദീർഘമായി, ആരോടെങ്കിലും ആഴത്തിൽ ശത്രുതവെച്ചുകൊണ്ടിരിക്കുക
4. "കൂറ്റാരം" –
   മറ്റുള്ളവരോട് കോപിച്ചു ഒച്ചയിടുക
5. "ദൂഷണം" –
   മറ്റൊരാളുടെ ബഹുമതി ഇല്ലാതാക്കുവാൻ പരദൂഷണം പരത്തുക
6. "ദുർഗുണം" –
   മനപ്പൂർവ്വമായി ആരെയെങ്കിലും ദ്രോഹിക്കുക

നിങ്ങളുടെ വീട് വൃത്തിയാക്കിയില്ലെങ്കിൽ, അതു അഴുക്കും ചവറും നിറഞ്ഞിരിക്കും. വീടു വൃത്തിയാക്കുക എന്നു പറഞ്ഞാൽ ചപ്പുചവറുകൾ നീക്കുക എന്നർത്ഥം. നമ്മുടെ ജീവിതത്തെ മലിനപ്പെടുത്തുന്ന ചില പ്രവൃത്തികളെ നീക്കം ചെയ്യുവാനാണ് പൗലൊസ് പറയുന്നത്.

*ക്രിയാത്മകമായി പ്രവർത്തിക്കുക.* ഉപേക്ഷിക്കേണ്ട നിഷേധ പ്രവൃത്തികളെ പറ്റി പറഞ്ഞശേഷം, പൗലൊസ് നാം സ്വീകരിക്കേണ്ട മൂന്നു ക്രിയാത്മക പ്രവൃത്തികളെ പറ്റി പറയുന്നുണ്ട്:

1. "ദയയുള്ളവരാകുക" –
   മറ്റുള്ളവർക്കു നന്മ വരണമെന്ന ചിന്തയോടെ അവർക്കു ഏറ്റവും നല്ലതു വരേണ്ടതിനു കഴിവനുസരിച്ചു പ്രവർത്തിക്കുക
2. "മനസലിവുള്ളവരാകുക" –
   മറ്റുള്ളവരുടെ ആവശ്യങ്ങളോടു തുറന്നു പ്രതികരിക്കുക
3. "ക്ഷമിപ്പിൻ" –
   മറ്റുള്ളവരുടെ വീഴ്ച്ചകളിൽ ദൈവം നിങ്ങളോടു പെരുമാറുവാൻ ആഗ്രഹിക്കുന്നതുപോലെ അവരോടു പ്രവൃത്തിക്കുക.

ചാൻസ് എന്ന ഒരു യുവാവു ജനിക്കുന്നതു ആ വീട്ടിലെ അയാൾ ഒഴിച്ചു മറ്റെല്ലാവരും ഊമകളായിരുന്ന അന്തരീക്ഷത്തിലാണ്. അവന്റെ കുടുംബം അവനു "ഹാപ്പി ബർത്ത്ഡേ" പാടുന്നത് അവൻ കേട്ടിട്ടില്ല. അവൻ കളിച്ചതിനു അവന്റെ അപ്പൻ ഒരിക്കലും അവനെ പ്രോത്സാഹിപ്പിച്ച് അവൻ കേട്ടിട്ടില്ല. അവന്റെ മാതാപിതാക്കളുടെ നിശബ്ദലോകത്തിൽ അവൻ ഒറ്റപ്പെട്ടു

കഴിഞ്ഞു. തന്റെ സമ്മർദ്ദം അവൻ ശരിയായി കൈകാര്യം ചെയ്തില്ല. നന്നായി കുടിക്കുകയും സ്ക്കെയിറ്റ്ബോർഡ് ഓടിക്കുകയും ചെയ്തിരുന്ന യുവാക്കളോട് അവൻ കൂട്ടുകൂടി. അവൻ തലമുടി ചീകാതെ, കീറിയ ഷർട്ടുകളും ലെതർ ഉറകളും ധരിക്കുവാൻ തീരുമാനിച്ചു. ചാൻസിന്റെ സാഹചര്യം ഉറപ്പുള്ളതായി തോന്നിയില്ല. എങ്ങനെയായാലും, ചാൻസ് ശ്രദ്ധേയമായ ഒരു ഇടവകയിൽ പെട്ടവനായിരുന്നു. ചാൻസ് ആ യുവസംഘത്തെ "കളങ്കപ്പെടുത്തും" എന്നു വിചാരപ്പെടുന്നതിനുപകരം, പ്രാദേശിക സഭയിലെ അംഗങ്ങൾ എല്ലായ്പ്പോഴും അവനെ സ്വാഗതം ചെയ്തിരുന്നു. അവർ അവനെ സ്നേഹിക്കുകയും മനസ്സിലാക്കുവാൻ ശ്രമിക്കയും ചെയ്തു. അവർ അവനോടൊപ്പം ഉണ്ടായിരുന്നു. ചിലപ്പോൾ, അവനെ എതിർക്കുന്നതായി തോന്നിയെങ്കിലും, ചാൻസിനെ അവർ സൗമ്യതയോടെ നയിക്കുന്ന ചുമതല ഏറ്റെടുത്തു. അവർ അവനോടു കാണിച്ച മനോഭാവവും ജ്ഞാനവും ആത്മാർത്ഥ സ്നേഹത്തെ പ്രകടമാക്കി.

അവരുടെ സ്നേഹസമീപനം ക്രമേണ ചാൻസിനെ ക്രിസ്ത്യാനി ആക്കി. അവൻ വാർത്തയിൽ വരികയോ തടവുകാരനാകുകയോ ചെയ്തില്ല. പിന്നീട് അവൻ ഒരു ക്രിസ്തീയ യൂണിവേഴ്സിറ്റിയിൽ ചേർന്നു, ശുശ്രൂഷയെ കുറിച്ചുള്ള മുഖ്യ പഠനം പൂർത്തിയാക്കി.

ഓരോ ഇടവകയും ഓരോ വ്യക്തിയോടു പറയേണ്ടതാണ് ചാൻസിന്റെ ഇടവക അവനോടു വാക്കുകളിലൂടെയും പ്രവൃത്തികളിലൂടെയും ആശയ വിനിമയം ചെയ്തതു: "ഒരു വ്യക്തി കുഴപ്പത്തിലോ അല്ലെങ്കിൽ ബലഹീനനോ, അല്ലെങ്കിൽ ചെറുതായോ കണ്ടാൽ, പ്രാദേശിക വിശ്വാസികൾ, ആ വ്യക്തിയെ പ്രത്യേകതയോടെ കണക്കാക്കണം എന്ന് ആ ഇടവക കാണിച്ചുതരുന്നു."[3]

നിങ്ങൾ ആരാധിക്കുന്ന ഇടവകയിൽ ചാൻസിനെ പോലെയുള്ള ആളുകൾ ഉണ്ടോ? നിങ്ങൾ "ഉണ്ട്," എന്നു പറയുമ്പോൾ അവരുടെ മുഖങ്ങളെ ഓർക്കുക. അവരെ നിങ്ങളുടെ മനസ്സിൽ ഉറപ്പിക്കുക. നമ്മെ എന്തിനാണ് ആളുകളെ - പണിയുവാൻ വിളിച്ചിരിക്കുന്നതു എന്നു അവരുടെ രൂപങ്ങൾ പറയും.

### ഉപസംഹാരം

"ആളുകളെ പണിയുവാൻ" പൗലൊസ് നിർദ്ദേശിക്കുന്നതിനോടു നിങ്ങൾ എങ്ങനെയാണ് പ്രതികരിക്കുന്നത്? നിങ്ങൾ നിങ്ങളുടെ വാക്കുകൾ പരിശോധിക്കുമോ? നിങ്ങൾ ആളുകളോടു അവരെ ആത്മീയമായി ഉത്തേജിപ്പിക്കുന്ന വാക്കുകളാണ് സംസാരിക്കുന്നതു എന്നു ഉറപ്പാക്കാമോ? പ്രാദേശിക സഭയുടെ അന്തരീക്ഷം ആരോഗ്യപരവും ക്രിയാത്മകവും ആകുവാൻ സഹായിക്കേണ്ടത് നിങ്ങളുടെ ജീവിതത്തിലെ മുൻഗണനയാക്കുമോ? അതെ, ആളുകൾ പാപത്തിൽ നിന്നു വിട്ടു നില്ക്കുവാൻ നാം ആഗ്രഹിക്കുന്നു, എന്നാൽ നാം അവരെ സഹായിക്കുവാൻ ശ്രമിക്കുന്ന രീതിക്ക് വിജയത്തിനും പരാജയത്തിനും ഇടയിലുള്ള വ്യത്യാസം ഉണ്ടാക്കുവാൻ സാധിക്കും.

രണ്ടു പ്രായോഗിക നിർദ്ദേശങ്ങൾ സഹായിച്ചേക്കാം. *ഒന്ന്, നിങ്ങൾക്ക് എങ്ങനെ ആളുകളെ പണിയാം എന്നതിനു നല്ല മാതൃകക്കു യേശുവിനെ നോക്കുക.* സുവിശേഷങ്ങൾ വീണ്ടും വായിച്ചു കൊണ്ടു തുടങ്ങുകയും,

അവൻ ആളുകളോടു എങ്ങനെ ഇടപെട്ടു എന്നു നിരീക്ഷിക്കുകയും ചെയ്യുക. *രണ്ട്, ഇപ്പോൾ മുതൽ പ്രോത്സാഹനം ഒരു വ്യക്തിപരമായ മുൻഗണനയായി എടുക്കുവാൻ തീരുമാനിക്കുക.* ചിലർക്ക്, പ്രോത്സാഹന വാക്കുകൾ സ്വാഭാവികമായി വരും. നമ്മിൽ പലർക്കും, അതു ബോധപൂർവ്വമുള്ള പരിശ്രമവും പരിശീലനവും നിമിത്തമാണ് വരുന്നത്, എന്നാൽ "ആളുകളെ പണിയുന്നവർക്ക്" അതു വളരെ വിലയുള്ളതാണ്.